പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: **240**

**27.01.2014** ൽ മറുപടിക്ക്

**ജലാശയങ്ങളിൽ പോള, പായൽ എന്നിവ ഉണ്ടാക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ**

| | ചോദ്യം<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള | | മറുപടി<br><br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ജലാശയങ്ങളിൽ പോള, പായൽ എന്നിവ ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും പാരിസ്ഥിതികപ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (ബി) | ഇത് സംബന്ധിച്ച് ജലസേചന വകുപ്പ് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. |
| (സി) | ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനും വൈദ്യുതി ഉൾപ്പെടെയുള്ള ഉപോൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള ഫലപ്രദമായ പദ്ധതികൾ നടപ്പാക്കാൻ പറ്റുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) & (ഡി) | ജലാശയങ്ങളിലെ പോള, പായൽ ഇവകൾ വാരിമാറ്റുന്ന പ്രക്രിയയാണ് ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നത്. ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും പോള, പായൽ എന്നിവ നീക്കം ചെയ്യുന്നതിനുള്ള വാട്ടർ ഹയാസിംഗ് ഹാർവെസ്റ്റർ എന്ന യന്ത്രം 60 ലക്ഷം രൂപ മുടക്കി വാങ്ങുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ഉൾപ്പെടെയുള്ള ഉപോല്പന്നങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള പദ്ധതികൾ പരിശോധിച്ചിട്ടില്ല. റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കുമരകം നടത്തിയ പഠനത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാദ്ധ്യത പഠിച്ചിട്ടുണ്ട്. ഉല്പന്നമാക്കി മാറ്റുന്നതിനുള്ള ചെലവ് വളരെ കൂടുതലായതിനാൽ സാമ്പത്തിക നേട്ടം കുറവായിരിക്കും, മാത്രമല്ല ഉല്പന്നത്തിന് വിലയും കൂടുതലാകും. |
| (ഡി) | അതിനായുള്ള സമഗ്രപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ? | | |

സെക്ഷൻ ഓഫീസർ